ഉത്തരം

(എ) അക്ഷയ പദ്ധതി മലപ്പുറം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ആന്റ് (സി) അക്ഷയ പദ്ധതി ഈ വർഷം കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിൽ ആരംഭിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ ജില്ലകളിൽ നടപ്പാക്കിത്തീരുന്ന മുറയ്ക്ക് മറ്റ് ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

കൊച്ചിയിലെ ട്രാഫിക് ജാം

105 [1625] പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി, മറീന, ലിക്വിഡ് നാച്ചുറൽ ഗ്യാസ് ടെർമിനൽ തുടങ്ങിയ ധാരാളം മേജർ പ്രോജക്ടുകൾ കൊച്ചിയിൽ വരുന്ന സാഹചര്യത്തിൽ, ഈ പ്രോജക്ടുകളുടെ സമയബന്ധിതമായ നടത്തിപ്പിന് ഗവൺമെന്റ് എന്തു നടപടികളാണ് സ്വീകരിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) കൊച്ചി നഗരത്തിലെ അനിതര സാധാരണമായ ട്രാഫിക് ജാം ഒഴിവാക്കുന്നതിന് എന്തു നടപടികളാണ് എടുക്കുവാൻ പോകുന്നത് എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ഇത്തരം പദ്ധതികളിൽ ആവശ്യമായ സ്ഥലം കണ്ടെത്തി താമസംവിനാ ലഭ്യമാക്കുക എന്നുള്ള ചുമതലയാണ് നടപ്പിലാക്കുന്നത്. ഒപ്പം തന്നെ പദ്ധതികൾക്കാവശ്യമായ സംസ്ഥാന തലത്തിലുള്ള അനുമതികൾ നൽകുകയും ചെയ്യുന്നു.

(ബി) നിലവിലുള്ള അംഗബലം ഉപയോഗിച്ച് ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ കഴിയുന്നത്ര ഗതാഗത നിയന്ത്രണങ്ങൾ പോലീസ് നടത്തിവരുന്നുണ്ട്.

കൊച്ചിയിൽ പെട്രോ കെമിക്കൽ പ്ലാന്റും പുനർവാതകീകരണപ്ലാന്റും സ്ഥാപിക്കുന്നതിനുള്ള നടപടി

106 [1626] പ്രൊഫ. കെ. വി. തോമസ് :

ശ്രീ. വി. ജെ. പൗലോസ് :

ശ്രീമതി രാധാരാഘവൻ :

ശ്രീ. എം. എ. വാഹിദ് :

,, കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കൊച്ചിയിൽ പെട്രോ കെമിക്കൽ പ്ലാന്റും പുനർവാതകീകരണ പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്തു തുകയുടെ നിക്ഷേപം വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വ്യവസായങ്ങളിൽ എത്രപേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിക്കാനുള്ള സാദ്ധ്യതയുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കേരളത്തിൽ ഒരു പെട്രോ കെമിക്കൽ പ്ലാന്റ് സ്ഥാപിക്കുന്നതിനായി കെ. എസ്.ഐ.ഡി.സി.-യും ഗെയിലുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇഞ്ചിനീയർ ഇൻഡ്യ ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്രസ്തുത പദ്ധതിയുടെ സാദ്ധ്യതാപഠനത്തിനായി ഗെയ്ൽ ചുമതലപ്പെടുത്തിയിരിക്കുന്നു. 2005 ഏപ്രിലോടെ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗെയ്ൽ നിക്ഷേപ തീരുമാനമെടുക്കുന്നതാണ്. ദ്രവീകൃത പ്രകൃതിവാതക പദ്ധതിയെപ്പറ്റിയുള്ള സാദ്ധ്യതാപഠനം, കമ്പോള സർവ്വേ എന്നിവ പൂർത്തിയായി. പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡ് എന്ന കേന്ദ്രപൊതുമേഖലാ സ്ഥാപനം ഈ പദ്ധതി സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തു കഴിഞ്ഞു. കൊച്ചിൻ പോർട്ട് ട്രസ്റ്റ് പദ്ധതിക്കാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

(ബി) പെട്രോ കെമിക്കൽസ് പദ്ധതിയുടെ നിക്ഷേപം ഉദ്ദേശം 7000 കോടി രൂപയായി കണക്കാക്കുന്നു. 3500 പേർക്ക് തൊഴിൽ സാദ്ധ്യത പ്രതീക്ഷിക്കുന്നു. ദ്രവീകൃത പ്രകൃതിവാതക പദ്ധതിയ്ക്ക് ഉദ്ദേശം 2,300 കോടി രൂപയുടെ നിക്ഷേപവും 1000 പേർക്ക് തൊഴിൽ സാദ്ധ്യതയും പ്രതീക്ഷിക്കുന്നു.

മംഗലാപുരം-കാസർഗോഡ്-കൊച്ചി-കായംകുളം പൈപ്പ് ലൈൻ പദ്ധതി

107 [1627] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ മംഗലാപുരം-കാസർഗോഡ്-കൊച്ചി-കായംകുളം പൈപ്പ് ലൈൻ പദ്ധതി പ്രാവർത്തികമാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ മുതൽമുടക്ക് എത്രയാണെന്നും ഇതിന്റെ സംസ്ഥാന വിഹിതം എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യാ ലിമിറ്റഡ്, കർണാടക സംസ്ഥാന ഗവൺമെന്റ് എന്നിവയുമായി നടത്തിയ ചർച്ചകളുടെയും തീരുമാനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly